# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

**FARM INFORMATION BUREAU**

**Agriculture Development and Farmer's Welfare Department**

**GOVERNMENT OF KERALA**

**Chief Editor:** SINDHU. KS **Editor:** Dr. V. Krishnadas

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 22/10/2025

1. കേരള കൃഷി വകുപ്പ് കൈവരിച്ച നേട്ടങ്ങൾ അവതരിപ്പിക്കുന്നതിനും ഭാവി വികസന കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനുമായി കാർഷിക വികസന കർഷകക്ഷേമ വകുപ്പ് **വിഷൻ 2031** എന്ന സെമിനാർ **ഒക്ടോബർ 25ആം തീയതി ശനിയാഴ്ച** രാവിലെ 9 മണി മുതൽ 4 മണി വരെ ആലപ്പുഴ **യെസ്കേയ്** കൺവെൻഷൻ സെൻ്ററിൽ വെച്ച് നടത്തുവാൻ നിശ്ചയിച്ചിരിക്കുന്നു. കഴിഞ്ഞ ഒരു ദശാബ്ദത്തിനിടെ കേരള കാർഷിക മേഖല കൈവരിച്ച **നേട്ടങ്ങളേയും വെല്ലുവിളികളെയും വിലയിരുത്തി കൊണ്ടുള്ള സെമിനാറാണ് സംഘടിപ്പിക്കുന്നത്.**

2. RKVY- PDMC (2025-26) പദ്ധതി പ്രകാരം സൂക്ഷ്മ ജലസേചനത്തിന് ഇപ്പോൾ അപേക്ഷിക്കാം. ആപ്ലിക്കേഷൻ ഫോം, സാക്ഷ്യ പത്രം എന്നിവ പൂരിപ്പിച്ചതിന് ശേഷം അപേക്ഷകൻ്റെ പാസ്പോർട്ട് സൈസ്സ് ഫോട്ടോ, ആധാർ കാർഡിൻ്റെ കോപ്പി, സ്ഥലത്തിൻ്റെ നികുതി അടച്ച രസീതി, ബാങ്ക് പാസ്സ് ബുക്കിൻ്റെ കോപ്പി, ജില്ലയിലെ അംഗീകൃത ഡീലർമാരിൽ നിന്ന് അപേക്ഷകൻ്റെ സ്ഥലത്തിന് ആവശ്യമായ ഡ്രിപ്പ് / സ്പ്രിംഗ്ളർ ൻ്റെ ക്വട്ടേഷൻ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഇവയുൾപ്പെടെ കൃഷി എഞ്ചിനീയറിംഗ് ഓഫീസിൽ നേരിട്ട് അപേക്ഷ സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക്  9383471924, 9383471925 എന്നീ ഫോൺ നമ്പറുകളിൽ വിളിക്കുക. കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം, മില്ലുമുക്ക് - വയനാട് .

3. കേരള കാർഷിക സർവകലാശാലയുടെ തൃശ്ശൂർ വെള്ളാനിക്കര കാർഷിക കോളേജിലെ അഗ്രിക്കൾച്ചറൽ സ്റ്റാറ്റിസ്റ്റിക്സ് വിഭാഗത്തിൽ രണ്ട് അസിസ്റ്റന്റ് പ്രൊഫസറുടെ (കരാർ നിയമനം) താൽകാലിക ഒഴിവുണ്ട്. നിർദിഷ്ട യോഗ്യതകൾ ഉള്ളവർക്ക് 27.10.2025 ന് രാവിലെ 9.30 മണിക്ക് കോളേജിൽ നടക്കുന്ന വാക്ക് ഇൻ ഇന്റർവ്യൂവിൽ പങ്കെടുക്കാവുന്നതാണ്.കൂടുതൽ വിവരങ്ങൾക്ക് www.kau.in, www.cohvka.kau.in എന്നീ വെബ്സൈറ്റുകൾ സന്ദർശിക്കുകയോ 0487 2438302 എന്ന നമ്പറിൽ ബന്ധപ്പെടുകയോ ചെയ്യാവുന്നതാണ്.

4. ഗ്ലോബൽ ഫാം പ്ലാറ്റ്ഫോമിന് (GFP) ഐക്യരാഷ്ട്ര സംഘടനയുടെ ഭക്ഷ്യ കാർഷിക സംഘടനയിൽ നിന്നുമുള്ള സാങ്കേതിക അംഗീകാരം. ഇറ്റലിയിലെ റോമിൽ വെച്ചുനടന്ന ഭക്ഷ്യ കാർഷിക സംഘടനയുടെ 80-ാമത് സ്ഥാപിത വാർഷികാഘോഷത്തിനിടയിലായിരുന്നു അംഗീകാര

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

പ്രഖ്യാപനം. ആറ് ഭൂഖണ്ഡങ്ങളിൽ നിന്നായി കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസസ് സർവ്വകലാശാലയുടെ തിരുവാഴാംകുന്ന് ലൈവ്സ്റ്റോക്ക് റിസർച്ച് സ്റ്റേഷനുൾപ്പെടെ 19 ഗവേഷണ ഫാമുകളും 28 സ്ഥാപനങ്ങളുമടങ്ങുന്ന സഹകരണ ശൃംഖലയാണ് ഗ്ലോബൽ ഫാം പ്ലാറ്റ്ഫോം. ഭക്ഷ്യസുരക്ഷയ്ക്കും സുസ്ഥിര വികസനത്തിനും കാർഷിക ഭക്ഷ്യോല്പാദനത്തിലേയ്ക്കുള്ള മാറ്റത്തിനുമെല്ലാം സഹായകരമായ തരത്തിലാണ് GFP ശാസ്ത്രത്തെയും ഗവേഷണത്തെയും സംയോജിപ്പിച്ച് കർഷകർക്ക് പ്രയോജനപ്പെടുന്ന വിധത്തിലുള്ള ആശയങ്ങൾ പ്രാവർത്തികമാക്കിക്കൊണ്ടിരിക്കുന്നതെന്ന് അംഗീകാരം നൽകിക്കൊണ്ട് സമ്മേളനം അറിയിച്ചു. 2012-ൽ ആശയപരമായി തിരുവാഴാംകുന്ന് ഫാമിലും ഔദ്യോഗികമായി 2014-ലും രൂപംകൊണ്ട ഈ പ്ലാറ്റ്ഫോം 21-ാം നൂറ്റാണ്ടിൽ കാർഷികലോകം നേരിടുന്ന കാലാവസ്ഥാ വ്യതിയാനം, ജനസംഖ്യാവർദ്ധനവ്, ജൈവവൈവിധ്യശോഷണം, വിഭവശേഷിക്കുറവ് എന്നിവയെ ഫലപ്രദമായി നേരിടാനായാണ് നിലവിൽ വന്നത്. ഈ ശൃംഖലയിലുൾപ്പെട്ട ഇന്ത്യയിൽ നിന്നുള്ള ഏക ഫാം ആണ്

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

തിരുവാഴാംകുന്ന് റിസർച്ച് സ്റ്റേഷനിലെ സൈലന്റ്വാലി ഫാം പ്ലാറ്റ്ഫോം. ഇവിടെ ചൂട് പ്രതിരോധിയ്ക്കാൻ കഴിവുള്ള ഇനങ്ങളായ വെച്ചൂർ പശുക്കൾ, മലബാറി–അട്ടപ്പാടി ആടുകൾ എന്നിവയെ സംരക്ഷിച്ചുവരികയാണ്. ചൂടുകുറയ്ക്കുന്നതിനായി "ആശ്വാസ" എന്ന സ്പ്രെയർ ഫാൻ രീതിയിലൂടെ മൃഗങ്ങളുടെ ക്ഷേമമുറപ്പാക്കുകയും പാലുല്പാദനം മെച്ചപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ വിവിധ ഫാമുകളിൽ കർഷകർ ഈ രീതി പിന്തുടരുകയും ചെയ്തുവരുന്നു.

## പരിശീലന പരിപാടി

5. മലപ്പുറം ആതവനാട് മൃഗസംരക്ഷണ പരിശീലനകേന്ദ്രത്തിൽ വെച്ച് ' കാട വളർത്തൽ' വിഷയത്തിൽ സൗജന്യ ഏകദിന പരിശീലനം സംഘടിപ്പിക്കുന്നു. 2025 ഒക്ടോബർ 25 ശനിയാഴ്ച്ച രാവിലെ 10 മണി മുതൽ 5 മണി വരെയാണ് പരിശീലനം. ആദ്യം രജിസ്റ്റർ ചെയ്യുന്ന 20 പേർക്കാണ് അവസരം. പരിശീലനത്തിൽ പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ 0494-2962296,9074552071 എന്നീ നമ്പരുകളിൽ വിളിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

6. ഓച്ചിറ ക്ഷീരോൽപന്ന നിർമ്മാണ പരിശീലന കേന്ദ്രത്തിൽ വച്ച് 2025 ഒക്ടോബർ 21 മുതൽ 25 വരെ നടത്താൻ നിശ്ചയിച്ചിരുന്ന "ശാസ്ത്രീയ പശു പരിപാലനം" പരിശീലന പരിപാടി ചില സാങ്കേതിക കാരണങ്ങളാൽ 2025 ഒക്ടോബർ 23 മുതൽ 28 വരെയുള്ള തീയതികളിലേയ്ക്ക് മാറ്റി വച്ചതായി അറിയിക്കുന്നു. ഫോൺ നം. 8089391209, 0476 2698550.

7. ക്ഷീര വികസന വകുപ്പിന്റെ വലിയതുറയിൽ പ്രവർത്തിക്കുന്ന തീറ്റപ്പുൽകൃഷി വികസന പരിശീലന കേന്ദ്രത്തിൽ ക്ഷീര കർഷകർക്ക് വിവിധ വിഷയങ്ങളിൽ **ഒക്ടോബർ** 22, 23 എന്നീ തീയതികളിൽ പരിശീലനം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് 0471-2501706 / 9388834424 എന്നീ നമ്പരുകളിൽ വിളിക്കുക അല്ലെങ്കിൽ വാട്സ് അപ്പ് സന്ദേശം അയക്കുക.

8. കേരള ഫിഷറീസ് സർവകലാശാലയിൽ രണ്ട് ദിവസത്തെ **ഞണ്ട് കൃഷി പരിശീലന പരിപാടി** നവംബർ 8 & 9 തീയതികളിൽ കേരള സർവകലാശാലയിലും മത്സ്യ സേവന കേന്ദ്രത്തിലുമായി നടക്കുന്നു. വിശദ വിവരങ്ങൾക്ക് വാട്സാപ്പ് നമ്പർ 9544553253.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

ff



9. കണ്ണൂർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൻറ ആഭിമുഖ്യത്തിൽ ഒക്ടോബർ മാസം വിവിധ വിഷയങ്ങളിൽ പരിശീലനം സംഘടിപ്പിച്ചിരിക്കുന്നു. ഒക്ടോബർ 24ന് **ഓമന പക്ഷി വളർത്തൽ** 27, 28 തീയതികളിൽ ഇറച്ചി കോഴി വളർത്തൽ 30ന് **എരുമ വളർത്തൽ** എന്നീ വിഷയങ്ങളിലാണ് പരിശീലനം. കൂടുതൽ വിവരങ്ങൾക്ക് വിളിക്കേണ്ട ഫോൺനമ്പർ 04972–763473.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം